(Pages : 4) **S – 7555**

**Reg. No. : .............................**

**Name : .................................**

**Second Semester B.A. Degree Examination, March 2024**

**First Degree Programme under CBCSS**

**Double Main Programme**

**English and Malayalam Literatures**

**Core Course**

**EML 1241 : നോവൽ സാഹിത്യം**

**(2020 Admission Onwards)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. നോവൽസാഹിത്യം എന്ന കൃതി രചിച്ചതാര്?

2. സി.വി.യുടെ നോവലുകളെ ആസ്പദമാക്കി 'ദൈവനീതിക്ക് ദാക്ഷിണ്യമില്ല' എന്ന പഠനം രചിച്ചതാര്?

3. മാർത്താണ്ഡവർമ്മ നോവലിൽ വ്യത്യസ്ത വേഷങ്ങളിൽ പ്രത്യക്ഷപ്പെട്ടു യുവരാജാവിനെ രക്ഷിക്കുന്ന കഥാപാത്രം ഏത്?

4. മജീദും സുഹറയും കഥാപാത്രങ്ങളായി വരുന്ന ബഷീറിന്റെ നോവൽ ഏത്?

5. ബഷീർ നോവലുകളെ കുറിച്ച് രചിക്കപ്പെട്ട ഉപ്പൂപ്പാന്റെ കയ്യാനകൾ എന്ന കൃതി ഏത് വിഭാഗത്തിൽപ്പെടുന്നു?

6. ഖസാക്കിന്റെ ഇതിഹാസത്തിന് മാതൃകയായ കൃതി ഏതാണ്?

**P.T.O.**

7. മഹാഭാരതത്തെ പ്രമേയമാക്കി എം.ടി. എഴുതിയ നോവൽ ഏത്?

8. അഗ്നിസാക്ഷി എന്ന നോവലിന്റെ കർത്താവാര്?

9. എം.ടി. വാസുദേവൻ നായരും എൻ.പി. മുഹമ്മദും ചേർന്ന് എഴുതിയ നോവൽ ഏത്?

10. സാറാ ജോസഫിന്റെ ആദ്യ നോവൽ ഏതാണ്?

**(10 × 1 = 10 Marks)**

II. **എട്ടു** ചോദ്യങ്ങൾക്ക് **ഒരു** ഖണ്ഡികയിൽ ഉത്തരമെഴുതുക.

11. കുറിപ്പെഴുതുക - സി.വി. രാമൻപിള്ള.

12. അധ്വാനത്തെക്കുറിച്ചുള്ള ചുടലമുത്തുവിന്റെ കാഴ്ചപ്പാടെന്ത്?

13. ചുടലമുത്തു തന്റെ സഹപ്രവർത്തകരിൽ നിന്നും അകലാനിടയായ സാഹചര്യം എന്ത്?

14. ''ലോകപ്രസിദ്ധമായ ആ രഹസ്യം ഉമ്മാ അവളോടു പറഞ്ഞു'' ആരോട്? എന്തായിരുന്നു ആ രഹസ്യം?

15. കഥാപാത്ര പരിചയം നടത്തുക - ആയിഷ.

16. മാർത്താണ്ഡവർമ്മ എന്ന നോവലിലെ ചരിത്രകഥാപാത്രങ്ങൾ ആരെല്ലാം?

17. അപ്പുണ്ണിക്ക് അമ്മയോട് നീരസം തോന്നാൻ കാരണം എന്ത്?

18. ''ഇവിടെ കാറ്റും വെളിച്ചവും കടക്കുന്ന ഒരു ചെറിയ വീടുമതി'' ആര് ആരോടു പറഞ്ഞു? സന്ദർഭം എന്ത്?

19. കോക്കാഞ്ചിറയെക്കുറിച്ച് ആനിയുടെ മനസ്സു പറഞ്ഞ കഥയെന്ത്?

20. ശവങ്ങളായി തീർന്നതിനുശേഷമാണ് അവരുടെ ജീവിതം മെച്ചപ്പെട്ടത് - സൂചിതം വ്യക്തമാക്കുക.

21. ഗൾഫിൽ ജോലിതേടി പോവാൻ തയ്യാറെടുക്കുന്ന കൊച്ചുകുട്ടന്റെ ജീവിതം ഭീകരമാം വിധം തകിടം മറിഞ്ഞതെങ്ങനെ?

22. കഥാപാത്രപരിചയം നടത്തുക - സുഭദ്ര.

**(8 × 2 = 16 Marks)**

III. **ആറു** ചോദ്യത്തിന് **120** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23. അനന്തപദ്മനാഭൻ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

24. യാഥാസ്ഥിക ബോധമുള്ള കഥാപാത്രം എന്ന നിലയിൽ വള്ളിയെ വിലയിരുത്തുക.

25. ബഷീറിന്റെ രചനാശൈലിയുടെ പ്രത്യേകതകൾ ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു എന്ന കൃതിയെ ആസ്വാദമാക്കി വിലയിരുത്തുക.

26. ഭാഷാപരമായും പ്രമേയപരമായും ഒ.വി.വിജയൻ സാഹിത്യത്തെ നവീകരിച്ചതെങ്ങനെ?

27. കഥാപാത്ര നിരൂപണം ചെയ്യുക - അള്ളാപ്പിച്ച മൊല്ലാക്ക.

28. പ്രസാദാത്മകമായ കൃതി എന്ന നിലയിൽ ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു എന്ന നോവൽ പങ്കുവയ്ക്കുന്ന നവോത്ഥാന ചിന്തകൾ വിശദമാക്കുക.

29. ഉത്തരാധുനിക നോവലിന്റെ സവിശേഷതകൾ എന്തെല്ലാം?

30. പ്രാദേശിക ചരിത്രത്തിന്റെ ആഖ്യാനം നിർവ്വഹിക്കുന്ന കൃതി എന്ന നിലയിൽ ആലാഹയുടെ പെൺമക്കൾ എന്ന നോവലിനെ പരിചയപ്പെടുത്തുക.

31. പ്രതിപൂവൻ കോഴി എന്ന പേര് നോവലിനു പ്രതീകാത്മകമായ അർത്ഥം നൽകുന്നുണ്ടോ? ചർച്ചചെയ്യുക.

**(6 × 4 = 24 Marks)**

IV. **രണ്ടു** ചോദ്യത്തിന് **മൂന്നു** പുറത്തിൽ ഉത്തരമെഴുതുക.

32. സി.വി. രാമൻപിള്ളയുടെ കഥാപാത്ര നിർമ്മതി മാർത്താണ്ഡവർമ്മ എന്ന നോവലിനെ ആധാരമാക്കി വിലയിരുത്തുക.

33. തോട്ടിയുടെ മകൻ എന്ന നോവലിൽ അവതരിപ്പിച്ചിരിക്കുന്ന സാമൂഹ്യ വിപ്ലവത്തിന്റെ തത്വശാസ്ത്രം ചർച്ചചെയ്യുക.

34. ആധുനികതയുടെ സവിശേഷതകൾ ഖസാക്കിന്റെ ഇതിഹാസത്തെ മുൻനിർത്തി പരിശോധിക്കുക.

35. സ്ത്രീയുടെ അതിജീവനത്തിന്റെ കഥയാണ് ആലാഹയുടെ പെൺമക്കൾ കഥാപാത്രങ്ങളെ മുൻനിർത്തി പരിശോധിക്കുക.

**(2 × 15 = 30 Marks)**

---